ചിറ്റൂർ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂളിനോടനു ബന്ധിച്ച റോഡ്

18 [33] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മുനിസിപ്പാലിറ്റിക്കകത്തുള്ള ഗവൺമെൻറ് ബോയ്സ് സ്കൂളിനോട് ബന്ധപ്പെട്ടതും പൊതുജനങ്ങൾക്ക് ഉപകാരപ്രദവുമായ റോഡിന്റെ കാര്യത്തിൽ വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി) നിവേദനമൊന്നും കിട്ടിയതായി കാണുന്നില്ല.

ഭൂപരിഷ്ക്കരണ നിയമം

19 [34] ശ്രീ. എം. കെ. കൃഷ്ണൻ:

,, പിണറായി വിജയൻ:

,, കെ. അനിരുദ്ധൻ:

,, എൻ. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണനിയമപ്രകാരം എത്ര കുടിയാൻമാർക്കും എത്ര കുടികിടപ്പുകാർക്കും ഇതേവരെ ഭൂമിയുടെ ഉടമാവകാശം കിട്ടി;

(ബി) ഓരോ ഇനത്തിലും എത്ര കേസ്സുകൾ തീർപ്പുകൽപ്പിക്കാതെ അവശേഷിക്കുന്നു ?

ഉത്തരം

(എ) കേരള ഭൂപരിഷ്ക്കരണനിയമപ്രകാരം 1979 ആഗസ്റ്റ് 31-ാം തീയതിവരെ 24,23,904 കുടിയാൻമാർക്കും 2,64,478 കുടികിടപ്പുകാർക്കും ഭൂമിയുടെ ഉടമാവകാശം കിട്ടിയിട്ടുണ്ട്.

(ബി) 1979 ആഗസ്റ്റ് 31-ാം തീയതിയിലെ കണക്കനുസരിച്ച് 12,775 കുടിയായ്മ കേസ്സുകളിലും 2,988 കുടികിടപ്പു കേസ്സുകളിലും തീരുമാനമെടുക്കേണ്ടതായുണ്ട്.

മിച്ചഭൂമി

20 [35] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായി:

,, ചടയൻ ഗോവിന്ദൻ:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഏക്കർ മിച്ചഭൂമി ഉണ്ടെന്ന് അവസാനമായി തിട്ടപ്പെടുത്തിയിരിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ഏക്കർ സർക്കാർ ഏറ്റെടുത്തു;

(സി) എത്ര ഏക്കർ വിതരണം ചെയ്തു;

(ഡി) എത്ര പേർക്ക് ?

ഉത്തരം

(എ) ആകെ 1,70,000 ഏക്കർ മിച്ചഭൂമിയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ 1-9-1979 വരെ 1,16,217·38 ഏക്കർ മിച്ചഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

(ബി) 1-9-1979-വരെ ആകെ 72,382·73 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(സി) 1-9-1979-വരെ 47,313·50 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്.

(ഡി) 74,336 പേർക്ക്.

മാങ്കുളം ഭൂമി കയ്യേറ്റക്കാർ

21 [38] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, എം. വി. രാഘവൻ:

,, ടി. കെ. അബ്ദു:

,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം ഭൂമി കയ്യേറ്റക്കാരായ വൻകിടക്കാരെ ഒഴിപ്പിക്കാൻ എന്തു നടപടികളെടുത്തു;

(ബി) ഒഴിപ്പിക്കപ്പെട്ട ചെറുകിട കൃഷിക്കാരെ അവിടെത്തന്നെ പുനരധിവസിപ്പിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) കയ്യേറ്റക്കാരെ വളരെവേഗം ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാങ്കുളത്തുള്ള കൃഷിയുക്തഭൂമി ഒരു ഹെക്ടർ വീതം പിരഞ്ഞെടുക്കപ്പെട്ട ഭൂരഹിതർക്കും ശേഷിക്കുന്ന ഭൂമി വനം വകുപ്പ്, വനവികസനകോർപ്പറേഷൻ, ഏലം ബോർഡ്, കേരളാ ലൈവ്സ്റ്റോക്ക് ആൻറ് മിൽക്ക്മാർക്കറ്റിങ്ങ് ബോർഡ് എന്നിവയ്ക്ക് ഉപയോഗയോഗ്യതയനുസരിച്ച് ഏൽപ്പിച്ചുകൊടുക്കുവാൻ പദ്ധതി തയ്യാറായി വരുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നിശ്ചിത ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതാണ്.

(ബി) ഒഴിപ്പിക്കപ്പെട്ടവർ എന്ന പരിഗണനയിൽ ആരേയും പുനരധിവസിപ്പിക്കാൻ കണ്ണൻദേവൻ ഭൂമി പതിവുചട്ടങ്ങൾ അനുവദിക്കുന്നില്ല. 1978 നവമ്പർമാസത്തിൽ ഒഴിപ്പിക്കപ്പെട്ടവരിൽ ഇരുന്നൂറിലധികം ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly